## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1777 08/06/2018-ൽ മറുപടിയ്ക്ക്

## കൊഴിഞ്ഞാമ്പാറയിൽ മാതൃക ശ്മശാനം ആരംഭിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ മാതൃക ശ്മശാനങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഈ വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഒരു മാതൃക ശ്മശാനത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) | ഇല്ല. ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് മുഖേന സാമ്പത്തിക സഹായം നല്കുന്ന പദ്ധതിക്കായി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) | പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് ചിറ്റൂർ എം.എൽ.എ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രത്യേക പദ്ധതിയിൽപ്പെടുത്തി ആധുനിക ശ്മശാനം അനുവദിക്കുന്ന പദ്ധതിയിൽ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചിറ്റൂർ എം.എൽ.എ. നല്കിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ 21.11.2017, 06.06.2018 എന്നീ തീയതികളിലെ ഡിബി3/215/2017 ത.സ്വ.ഭ.വ. നമ്പർ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ